**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **04-07-2022 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിലെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്. എസ്.സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. DPR അംഗീകരിച്ചു. Feasibility study നടത്തി. പുതുക്കിയ DSR/GST നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതിയോടുകൂടി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് കില നടപടികൾ സ്വീകരിച്ചു വരുന്നു. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് 28-01-2021-ന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടും ഇതുവരെ പണികൾ തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണത്തിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ SPVയായി കിലയെ ചുമതലപ്പെടുത്തുകയും തുടർന്ന് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തു. കില, LSGD മുഖാന്തിരം feasibility studyയും പൂർത്തിയാക്കി. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016ലെ DSR നിരക്കും GST ഉം ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്ക് അനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചു കൊണ്ട് 13/05/2022ന് സർക്കാർ ഉത്തരവ് നൽകിയിട്ടുമുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ |

| | | | |
|---|---|---|---|
| | | | വിളിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ച് വരുന്നു.<br><br>മേൽ പരാമർശിച്ച കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (സി) | ഈ പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ? | (സി) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണ ഏജൻസിയായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണത്തിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ SPVയായി കിലയെ ചുമതലപ്പെടുത്തുകയും തുടർന്ന് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തു. കില, LSGD മുഖാന്തിരം feasibility studyയും പൂർത്തിയാക്കി. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016ലെ DSR നിരക്കും GST ഉം ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്ക് അനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചു കൊണ്ട് 13/05/2022ന് സർക്കാർ ഉത്തരവ് നൽകിയിട്ടുമുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ച് വരുന്നു.<br><br>മേൽ പരാമർശിച്ച കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ